# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:13.09.2026**

## പ്രധാനവാർത്തകൾ

1. 18-ാമത് ബ്രിക്സ് ഉച്ചകോടി ന്യൂഡൽഹിയിൽ സമാപിച്ചു. രാജ്യങ്ങളുടെ വെറുമൊരു കൂട്ടായ്മയല്ല ബ്രിക്സെന്നും പരിഹാര സംവിധാനമാണെന്നും സമാപന സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. കേരള സന്ദർശനത്തിനായി മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം കോഴിക്കോടെത്തി.
3. കേരളത്തിൽ നിന്നുള്ള ഹജ്ജ് തീർത്ഥാടകർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് സമർപ്പിക്കാനുള്ള തീയതി നീട്ടി നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ട് മന്ത്രി എൻ. ഷംസുദ്ദീൻ.
4. ശബരിമല തീർത്ഥാടകർക്ക് സുരക്ഷിതമായ റോഡുകൾ ഉറപ്പാക്കാൻ 550 കോടി രൂപ അനുവദിച്ചു.
5. കർഷകർക്കായി സംഘടിപ്പിക്കുന്ന സൗജന്യ ഡ്രോൺ റിമോട്ട് പൈലറ്റ് ലൈസൻസ് പരിശീലന പരിപാടിക്ക് നാളെ വയനാട് കൽപ്പറ്റയിൽ തുടക്കം.
6. ഏഷ്യ കപ്പ് വനിതാ ജൂനിയർ ഹോക്കിയിൽ ചൈനയെ പരാജയപ്പെടുത്തി ഇന്ത്യയ്ക്ക് ഹാട്രിക് കിരീടം.

***************************************

RNU TVPM

## ബ്രിക്സ് ഉച്ചകോടി സമാപിച്ചു (ഇൻട്രോ)

ന്യൂഡൽഹി ഭാരത് മണ്ഡപത്തിൽ നടന്ന ബ്രിക്സ് ഉച്ചകോടി സമാപിച്ചു. രാജ്യങ്ങളുടെ വെറുമൊരു കൂട്ടായ്മയല്ല ബ്രിക്സെന്നും പരിഹാര സംവിധാനമാണെന്നും സമാപന സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കി. ഉച്ചകോടിയിൽ അംഗീകരിച്ച 'ന്യൂഡൽഹി പ്രഖ്യാപനം' യാഥാർത്ഥ്യമാക്കാൻ സമയബന്ധിതമായ നടപടികൾ വേണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. **വിശദാംശങ്ങളിലേക്ക്...**

(വോയ്സ്)

## ബ്രിക്സ് ഉച്ചകോടി സമാപിച്ചു (വോയ്സ്)

രോഗ പ്രതിരോധം, ദുരന്ത നിവാരണം എന്നിവയ്ക്കായുള്ള 'ഏർളി വാണിംഗ് സിസ്റ്റം', എസ്.എം.ഇ പോർട്ടൽ, അർബൻ മൊബിലിറ്റി ഹബ്, സ്റ്റാർട്ടപ്പ് ഇന്നൊവേഷൻ ഫണ്ട്, ഡിജിറ്റൽ കൃഷി നെറ്റ്‌വർക്ക് തുടങ്ങി നിരവധി സുപ്രധാന പദ്ധതികൾ രണ്ടുദിവസമായി ന്യൂഡൽഹിയിൽ നടന്ന ബ്രിക്സ് ഉച്ചകോടിയിൽ പ്രഖ്യാപിച്ചു. സാങ്കേതികവിദ്യയെയും നിർണായക ധാതുക്കളെയും ആയുധവൽക്കരിക്കുന്നത് പുരോഗതിക്ക് തടസ്സമായേക്കാമെന്ന് മുന്നറിയിപ്പ് നൽകിയ പ്രധാനമന്ത്രി, ആഗോള ദക്ഷിണ രാജ്യങ്ങളുടെ ഉന്നമനത്തിന് മുൻഗണന നൽകണമെന്ന് ഓർമ്മിപ്പിച്ചു. ബ്രിക്സിന്റെ അടുത്ത അധ്യക്ഷപദം ഏറ്റെടുക്കുന്ന ചൈനയ്ക്ക് അദ്ദേഹം ആശംസകൾ നേർന്നു. ന്യൂഡൽഹി ഉച്ചകോടി വിജയകരമാക്കിയതിന് എല്ലാ ബ്രിക്സ് അംഗരാജ്യങ്ങളെയും പങ്കാളിത്ത രാജ്യങ്ങളെയും പ്രധാനമന്ത്രി അഭിനന്ദിച്ചു.

**ന്യൂസ് ഡസ്ക്, ആകാശവാണി....**

*********************************

RNU TVPM

## മലേഷ്യൻ പ്രധാനമന്ത്രി

മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം ഔദ്യോഗിക സന്ദർശനത്തിനായി കേരളത്തിലെത്തി. ന്യൂഡൽഹിയിൽ നടന്ന ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുത്ത ശേഷമാണ് അദ്ദേഹം കോഴിക്കോട് എത്തിയത്. സംസ്ഥാന സർക്കാറിന് വേണ്ടി കൃഷി മന്ത്രി ടി.സിദ്ധീഖ് അദ്ദേഹത്തെ വിമാനത്താവളത്തിൽ സ്വീകരിച്ചു. സന്ദർശനത്തിന്റെ ഭാഗമായി കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മുഖ്യമന്ത്രി വി.ഡി.സതീശൻ എന്നിവരുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും.

************************************

## പറവൂർ - വിവിധ വികസന പദ്ധതികൾ

PNU TVPM

പറവൂർ നിയോജകമണ്ഡലത്തിലെ ചേന്ദമംഗലം, ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തുകളിൽ എം.എൽ.എയുടെ ആസ്തി വികസന ഫണ്ടുകൾ ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ വിവിധ പദ്ധതികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി.സതീശൻ നിർവ്വഹിച്ചു. വിവിധ വാർഡുകളിൽ നിർമാണം പൂർത്തിയാക്കിയ റോഡുകളും, 19.5 ലക്ഷം രൂപ ചെലവിൽ നിർമ്മാണം പൂർത്തിയാക്കിയ അങ്കണവാടി നമ്പർ 69 കെട്ടിടവുമാണ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തത്.

************************************

## മന്ത്രി എൻ. ഷംസുദ്ദീൻ

കേരളത്തിൽ നിന്ന് ഹജ്ജ് തീർത്ഥാടനത്തിന് തിരഞ്ഞെടുക്കപ്പെട്ട ഹാജിമാർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് സമർപ്പിക്കാനുള്ള തീയതി നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ട് മന്ത്രി എൻ.ഷംസുദ്ദീൻ കേന്ദ്രമന്ത്രി കിരൺ റിജിജുവിന് കത്തയച്ചു. തിരഞ്ഞെടുക്കപ്പെട്ടവരിൽ നല്ലൊരു പങ്കും വിദേശത്ത് ജോലി ചെയ്യുന്നവരാണെന്നും മെഡിക്കൽ സ്ക്രീനിംഗ് സർട്ടിഫിക്കറ്റ് ഈ

മാസം 15-നകം ലഭ്യമാക്കാൻ പലർക്കും സാധിക്കുന്നില്ലെന്നും കത്തിൽ പറയുന്നു.

***********************************

## ശബരിമല - പി.കെ. ബഷീർ

ശബരിമല തീർത്ഥാടകർക്ക് സുരക്ഷിതവും ഗുണമേന്മ ഉള്ളതുമായ റോഡുകൾ ഉറപ്പാക്കാൻ 550 കോടി രൂപ അനുവദിച്ചതായി മന്ത്രി പി.കെ.ബഷീർ. മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയെ തുടർന്നാണ് ശബരിമലക്കായി പ്രത്യേക പാക്കേജ് എന്ന നിലയിൽ തുക അനുവദിച്ചത്. തീർത്ഥാടന സീസണിന് മുമ്പുതന്നെ പാതകളുടെ മൊത്തം വികസനം പൂർത്തിയാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

RNU TVPM

***********************************

## പരിശീലന പരിപാടി

സംസ്ഥാന കൃഷി വകുപ്പും ഫ്യൂസലേജ് ഫ്ലയിങ് ക്ലബ്ബും സഹകരിച്ച് കർഷകർക്കായി സംഘടിപ്പിക്കുന്ന സൗജന്യ ഡ്രോൺ റിമോട്ട് പൈലറ്റ് ലൈസൻസ് പരിശീലന പരിപാടിക്ക് നാളെ വയനാട് കൽപ്പറ്റയിൽ തുടക്കം. കർഷകർക്ക് പുതിയ സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുകയും അതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ അവസരമൊരുക്കുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

***********************************

## മന്ത്രി സണ്ണി ജോസഫ്

സംസ്ഥാനത്ത് അനാവശ്യ വൈദ്യുതി ഉപയോഗം ഒഴിവാക്കണമെന്ന് മന്ത്രി സണ്ണി ജോസഫ്. വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ എല്ലാ ശ്രമങ്ങളും നടത്തുകയാണ്. പവർക്കട്ട്

മുന്നറിയിപ്പ് കൃത്യമായി നല്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തേണ്ടി വരുന്നുണ്ടെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

************************************

## ഏഷ്യൻ കപ്പ് ഹോക്കി

ഏഷ്യ കപ്പ് വനിതാ ജൂനിയർ ഹോക്കിയിൽ ചൈനയെ തോൽപ്പിച്ച് ഇന്ത്യ തുടർച്ചയായ മൂന്നാം തവണയും കിരീടം നേടി. ചൈനയിലെ മോഖിയിൽ നടന്ന ഫൈനൽ പോരാട്ടത്തിൽ ഏകപക്ഷീയമായ ഒരു ഗോളിനാണ് ഇന്ത്യ, ചൈനയെ കീഴടക്കിയത്. മത്സരത്തിന്റെ 17-ാം മിനിറ്റിൽ സനിക ചന്ദ്രകാന്ത് മാനെയാണ് ഇന്ത്യക്കായി വിജയഗോൾ നേടിയത്.

RNUTVPM

************************************

## കണ്ണൂർ സംസ്ഥാന സ്കൂൾ ഗ്രൂപ്പ് ഒന്ന് ഗെയിംസ് (ഇൻട്രോ)

കണ്ണൂരിൽ നടക്കുന്ന 68-ാമത് സംസ്ഥാന സ്കൂൾ ഗ്രൂപ്പ് ഒന്ന് ഗെയിംസ് ചാമ്പ്യൻഷിപ്പിലെ ജിംനാസ്റ്റിക്സിൽ തിരുവനന്തപുരത്തിന് കിരീടം. 185 പോയിന്റ് നേടിയാണ് തിരുവനന്തപുരം ജേതാക്കളായത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.

(വോയ്സ്)

***********************************

## വനിതാ ഏഷ്യ കപ്പ് ക്രിക്കറ്റ്

ടി-20 വനിതാ ഏഷ്യ കപ്പ് ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ ഇന്ന് നിലവിലെ ചാമ്പ്യന്മാരായ ശ്രീലങ്കയെ നേരിടും. ദുബായിൽ ഇന്ത്യൻ സമയം രാത്രി 8 മണിക്കാണ് മത്സരം.

***********************************

## പുരുഷ ട്വന്റി-20 ക്രിക്കറ്റ്

ഇന്ത്യ-അഫ്ഗാനിസ്ഥാൻ പുരുഷ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയ്ക്ക് അല്പസമയത്തിനകം ഡൽഹിയിൽ തുടക്കമാകും. പരമ്പരയിൽ ആകെ മൂന്ന് മത്സരങ്ങളാണുള്ളത്.

***********************************

## പൂക്കൃഷി - ആലപ്പുഴ (ഇൻട്രോ )

ഇത്തവണ ഓണക്കാലത്ത് പൂക്കളുടെ വില നിയന്ത്രിക്കുന്നതിൽ നാടൻ പൂകർഷകർ നിർണായക പങ്ക് വഹിച്ചിരുന്നു. എന്നാൽ ഓണം കഴിഞ്ഞെങ്കിലും മിക്കയിടങ്ങളിലും പൂക്കാലം തുടരുകയാണ്. പൂക്കൾ വിപണിയിൽ എത്തിക്കുന്നതിന് കൃഷിവകുപ്പ് ഇടപെടണമെന്നാണ് കർഷകരുടെ ആവശ്യം. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവി കുമാർ....

(വോയിസ്)

***********************************

RNUTVPM

## വൈദ്യുതി നിയന്ത്രണം

സംസ്ഥാനത്ത് ഇന്നും വൈദ്യുതി നിയന്ത്രണം ഉണ്ടാകുമെന്ന് കെ എസ് ഇ ബി അറിയിച്ചു. വൈകുന്നേരം 6.15 നും രാത്രി 12.45 നും ഇടയിലായിരിക്കും നിയന്ത്രണം.

*************************************

## സി.പി. എം സംസ്ഥാന കമ്മറ്റി

സി.പി.ഐ (എം) വിപുലീകൃത സംസ്ഥാന കമ്മറ്റി യോഗം കോഴിക്കോട് പുരോഗമിക്കുന്നു. പാർട്ടി ജനറൽ സെക്രട്ടറി എം.എ.ബേബി, പോളിറ്റ് ബ്യൂറോ അംഗങ്ങൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുന്നു. ഇന്ന് ഗ്രൂപ്പ് ചർച്ചയും തുടർന്ന് രാത്രി പൊതുചർച്ചയും നടക്കും. പുതിയ സാഹചര്യത്തിൽ പാർട്ടി പ്രവർത്തനം എങ്ങനെ എന്നതിൽ ചർച്ച നടക്കുമെന്ന് പാർട്ടി സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ മാധ്യമങ്ങളോട് പറഞ്ഞു.

RNUTVPM

*************************************

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് നാളെ മുതൽ പരക്കെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ഇടുക്കി, പാലക്കാട് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്. മലപ്പുറം, കോഴിക്കോട്, വയനാട് എന്നിവിടങ്ങൾ മറ്റെന്നാൾ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

*************************************

## ആധാർ സേവാ

കേന്ദ്ര ഇലക്ട്രോണിക്സ് & ഐ.ടി മന്ത്രാലയത്തിന് കീഴിലെ യുണീക്ക് ഐഡൻറിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ പത്തനംതിട്ട ജില്ലയിൽ പുതിയതായി ആരംഭിക്കുന്ന ആധാർ സേവാ കേന്ദ്രത്തിന്റെ ഉദ്ഘാടനം നാളെ . പത്തനംതിട്ട സെൻട്രൽ മസ്ജിദ് റോഡിലെ അസനയത്ത് ബിൽഡിംഗിലാണ് കേന്ദ്രം പ്രവർത്തിക്കുക.

*****************************************************************************

*****************************************************

RNU TVPM